REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 28-03-2025 സമയം 06.45 AM

---

## പ്രധാന വാർത്തകൾ

- **പുതിയ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പാർലമെന്റ് അംഗീകരിച്ചു.**
- **ജമ്മു കശ്മീരിലെ കത്വ ജില്ലയിൽ മൂന്ന് ഭീകര പ്രവർത്തകരെ പൊലീസ് വെടിവെച്ച് കൊന്നു - മൂന്ന് പൊലീസ് ഉദ്യോഗസ്ഥർക്ക് വീരമൃത്യു.**
- **തലശ്ശേരിയെ അതിദാരിദ്ര്യമുക്ത നഗരസഭയായി നിയമസഭാ സ്പീക്കർ AN ഷംസീർ പ്രഖ്യാപിച്ചു.**
- **കേരള സർവ്വകലാശാലയുടെ ഭരത് മുരളി നാടകോത്സവത്തിന്റെ രണ്ടാം പതിപ്പിന് തിരശീല ഉയർന്നു.**
- **കേരളത്തിലെ പൊതുജലാശയങ്ങളിലും കിണറുകളിലും കോളിഫോം ബാക്ടീരിയ സാന്നിദ്ധ്യം അപകടകരമായ അളവിലാണെന്ന് മന്ത്രി MB രാജേഷ്.**
- **ഖേലോ ഇന്ത്യ പാരാ ഗെയിംസ് ന്യൂഡൽഹിയിൽ സമാപിച്ചു.**
- **ISL ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കമാകും.**

## വാർത്തകൾ വിശദമായി

പുതിയ സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റ് പാർലമെന്റ് അംഗീകരിച്ചു. രാജ്യസഭ നടപടിക്രമങ്ങൾ പൂർത്തിയാക്കി ധന - ധനവിനിയോഗ ബില്ലുകൾ ചർച്ച ചെയ്ത് ലോക്സഭയ്ക്ക് തിരിച്ചയച്ചതോടെയാണ് ബജറ്റ് അംഗീകരിക്കുന്നതിന്റെ നടപടി ക്രമങ്ങൾ പൂർത്തിയായത്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽവിവരങ്ങൾ

.......വോയ്സ്......

ലോക്സഭ കഴിഞ്ഞ ചൊവ്വാഴ്ച ധനബില്ലിന് അംഗീകാരം നൽകിയിരുന്നു. വ്യാപാരം സുഗമമാക്കാനും നികുതി സ്ഥിരത ഉറപ്പുവരുത്താനും നികുതിദായകർക്ക് ബഹുമാന്യത നൽകാനും ലക്ഷ്യമിടുന്നതാണ് ധനബില്ലെന്ന് രാജ്യസഭയിൽ ധനമന്ത്രി നിർമല സീതാരാമൻ ചർച്ചയ്ക്ക് മറുപടി നൽകി. പുതുക്കിയ ആദായ നികുതി സ്ലാബുകൾ കൂടുതൽ ലളിതമാണെന്നും അവർ പറഞ്ഞു. നേരത്തെ കോൺഗ്രസിലെ P ചിദംബരമാണ് ചർച്ചയ്ക്ക് തുടക്കമിട്ടത്.

✪✪✪

ജമ്മു കശ്മീരിലെ കത്വ ജില്ലയിൽ മൂന്ന് ഭീകര പ്രവർത്തകരെ പൊലീസ് വെടിവെച്ച് കൊന്നു. മൂന്ന് പൊലീസ് ഉദ്യോഗസ്ഥരും വെടിവെപ്പിൽ വീരമൃത്യു വരിച്ചു. ഒരു DSP ഉൾപ്പെടെ ഏഴ് പേർക്ക് പരിക്കേറ്റു. ഇന്നലെ രാവിലെ എട്ടുമണിയോടെ ആരംഭിച്ച ഏറ്റുമുട്ടൽ രാത്രി വരെ തുടർന്നു. പാകിസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന ജയ്ഷെ മുഹമ്മദ് ഭീകരസംഘടനയാണ് സംഭവത്തിന് പിന്നിലെന്ന് സംശയിക്കുന്നു. നുഴഞ്ഞുകയറിയവരുമായി പൊലീസ് സംഘം ഏറ്റുമുട്ടുകയായിരുന്നു.

✪✪✪

പ്രധാനമന്ത്രിയുടെ രാഷ്ട്രീയ ബാല പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. ധീരതയ്ക്ക് പുറമെ സ്പോർട്സ്, സാമൂഹ്യ സേവനം, ശാസ്ത്ര സാങ്കേതിക രംഗം, പരിസ്ഥിതി, കല, സംസ്കാരം തുടങ്ങിയ മേഖകളിൽ അസാമാന്യ കഴിവ് പ്രകടിപ്പിച്ച അഞ്ചിനും 18നും ഇടയിൽ പ്രായക്കാർക്കാണ് പുരസ്കാരങ്ങൾ നൽകുന്നത്. ഏപ്രിൽ ഒന്ന് മുതൽ ജൂലൈ 31 വരെ ദേശീയ അവാർഡ് പോർട്ടലിൽ ഇതിന് അപേക്ഷിക്കാം.

✪✪✪

RSS ന്റെ ശതാബ്ദി പ്രവർത്തനത്തിന് വിജയദശമി ദിനമായ ഒക്ടോബർ രണ്ടിന് തുടക്കമാകും. അടുത്ത വിജയദശമി ദിനം വരെ ഒരു വർഷം നീളുന്ന പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

✪✪✪

സംസ്ഥാന ഗവൺമെന്റ് പദ്ധതി റിപ്പോർട്ട് സമർപ്പിച്ചാൽ അഷ്ടമുടി, ശാസ്താം കോട്ട, വേമ്പനാട് കായലുകളുടെ പുനരുജ്ജീവനം പരിഗണിക്കാമെന്ന് കേന്ദ്ര ജൽശക്തി മന്ത്രി CR പാട്ടീൽ ലോക്സഭയിൽ NK പ്രേമചന്ദ്രൻ MP യെ

അറിയിച്ചു. റാംസർ സൈറ്റുകളായ ഈ കായലുകൾ മലിനീകരണം മൂലം പ്രതിസന്ധി നേരിടുകയാണെന്നും അവയുടെ ശുദ്ധീകരണത്തിനും സംരക്ഷണത്തിനും നടപടിയെടുക്കണെ മെന്നും പ്രേമചന്ദ്രൻ ആവശ്യപ്പെട്ടിരുന്നു.

✪✪✪

തലശ്ശേരിയെ അതിദാരിദ്ര്യമുക്ത നഗരസഭയായി നിയമസഭാ സ്പീക്കർ AN ഷംസീർ പ്രഖ്യാപിച്ചു. തദ്ദേശ സ്ഥാപനങ്ങളുടെ സജീവ ഇടപെടൽ കൊണ്ടാണ് ഈ ലക്ഷ്യം കൈവരിക്കാൻ സാധിച്ചതെന്ന് അദ്ദേഹം പറഞ്ഞു. ലഹരിക്കെതിരെ നിരന്തര ജാഗ്രത പാലിക്കണമെന്നും സ്പീക്കർ നിർദേശിച്ചു.

വിജ്ഞാനകേരളം ജനകീയ ക്യാമ്പയിനിന്റെ ഭാഗമായി ജോബ് സ്റ്റേഷനും സ്പീക്കർ ഉദ്ഘാടനം ചെയ്തു.

✪✪✪

ദേശീയ ദിവ്യാംഗജൻ ഫൈനാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനിൽ നിന്ന് വായ്പയെടുത്ത ഭിന്നശേഷിക്കാരുടെ കുടിശിക തിരിച്ചടവിന് ഒറ്റത്തവണ തീർപ്പാക്കൽ നടപ്പാക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അറിയിച്ചു. കുടിശികയുടെ പിഴപ്പലിശ പൂർണമായി ഒഴിവാക്കും. ഇതിനുപുറമെ പലിശത്തുകയിൽ 50 ശതമാനം ഇളവ് അനുവദിക്കാൻ സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷന് നിർദേശവും അനുമതിയും നൽകിയിട്ടുണ്ടെന്ന് മന്ത്രി തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

കേരള സർവ്വകലാശാല സംഘടിപ്പിക്കുന്ന ഭരത് മുരളി നാടകോത്സവത്തിന്റെ രണ്ടാം പതിപ്പിന് തിരുവനന്തപുരത്ത് തിരശീല ഉയർന്നു. പാളയം സെനറ്റ് ഹാളിൽ മന്ത്രി KN ബാലഗോപാൽ നാടകോത്സവം ഉദ്ഘാടനം ചെയ്തു.

പുതിയ ആശയങ്ങൾ ഏറ്റവും കൃത്യമായി ജനങ്ങളിലേക്ക് എത്തിക്കാൻ കഴിയുന്ന മാധ്യമമെന്ന നിലയിൽ നാടകത്തിന്റെ പ്രസക്തി വളരെ വലുതാണെന്ന് അദ്ദേഹം പറഞ്ഞു.

ചടങ്ങിന് ശേഷം കായംകുളം KPAC-യുടെ നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി എന്ന നാടകം അരങ്ങേറി.

ഈ മാസം 31 വരെ സെനറ്റ് ഹൗസ് ക്യാമ്പസ്സിലെ വൈകുന്നേരങ്ങൾ നാടകക്കാഴ്ചകൾ കൊണ്ട് സമ്പന്നമാകും. 10 നാടകങ്ങളാണ് 5 ദിവസത്തെ നാടകോത്സവത്തിൽ അരങ്ങേറുന്നത്.

ഇന്ന് വൈകിട്ട് 'നൂറു ശതമാനം സിന്ദാബാദ് ', 'കാണ്മാനില്ല', 'വാഴ്‌വേമായം' തുടങ്ങിയ നാടകങ്ങൾ പ്രദർശിപ്പിക്കും.

✪✪✪

കേരളത്തിലെ 82 ശതമാനം പൊതുജലാശയങ്ങളിലും 78 ശതമാനം കിണറുകളിലും കോളിഫോം ബാക്ടീരിയ സാന്നിദ്ധ്യം അപകടകരമായ അളവിലാണെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. മനുഷ്യ വിസർജ്ജ്യത്തിൽ നിന്നാണ് കോളിഫോം ബാക്ടീരിയ വ്യാപിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

..........വോയ്സ്........

പുഴകളിലും കായലിലും വ്യാപകമായി മനുഷ്യ വിസർജ്ജ്യം തള്ളുന്നതുകൊണ്ടാണ് കോളിഫോം ബാക്ടീരിയയുടെ അളവ് വർദ്ധിക്കുന്നതെന്ന് തിരുവനന്തപുരത്ത് ശുചിത്വ മിഷനും കേരള പത്രപ്രവർത്തക യൂണിയനും ചേർന്ന് സംഘടിപ്പിച്ച മാധ്യമ ശില്പശാല ഉദ്ഘാടനം ചെയ്യവേ മന്ത്രി MB രാജേഷ് പറഞ്ഞു. കരിമീനൊക്കെ കഴിക്കുമ്പോൾ എല്ലാവരും ഇക്കാര്യം ശ്രദ്ധിക്കണമെന്ന് മന്ത്രി ഓർമിപ്പിച്ചു.

തെളിനീരൊഴുകും നവകേരളം പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെ പഠനത്തിലാണ് കോളിഫോം ബാക്ടീരിയയുടെ സാന്നിധ്യം സംബന്ധിച്ച ഞെട്ടിപ്പിക്കുന്ന കണ്ടെത്തലുണ്ടായത്. മിക്ക വീടുകളിലും ശാസ്ത്രീയമായി നിർമ്മിച്ച സെപ്റ്റിക് ടാങ്കുകൾ ഇല്ല. കിണറും സെപ്റ്റിക് ടാങ്കും തമ്മിൽ ആവശ്യമായ അകലം പാലിക്കാറുമില്ല. കൊച്ചി നഗരത്തിൽ മാത്രം ഒരു ദിവസം തള്ളുന്നത് 250 ടാങ്കർ കക്കൂസ് മാലിന്യമാണെന്ന് മന്ത്രി വെളിപ്പെടുത്തി. ശുചിമുറി മാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് ഗവൺമെന്റ് സ്ഥലം കണ്ടെത്തിവരികയാണ്. ചേർത്തലയിൽ ഇത്തരം ഒരു പ്ലാന്റ് ഇന്ന് ഉദ്ഘാടനം ചെയ്യുമെന്ന് മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ വ്യാപനം നിയന്ത്രണ വിധേയമാക്കുമെന്ന് മന്ത്രി J ചിഞ്ചുറാണി പറഞ്ഞു. ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മാരാരിക്കുളം വടക്ക് പഞ്ചായത്തിലെ കണിച്ചുകുളങ്ങരയിൽ ജില്ലയിലെ ആദ്യ അനിമൽ ബർത്ത് കൺട്രോൾ സെന്റർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മാലിന്യങ്ങളും ഭക്ഷണാവശിഷ്ടങ്ങളും വലിച്ചെറിഞ്ഞാൽ തെരുവുനായ ശല്യം രൂക്ഷമാകുമെന്നും അത്തരം പ്രവണതകൾ അവസാനിപ്പിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

✪✪✪

ഖേലോ ഇന്ത്യ പാരാ ഗെയിംസ് ന്യൂഡൽഹിയിൽ സമാപിച്ചു. കേന്ദ്ര സഹമന്ത്രി രക്ഷ നിഖിൽ ഖഡ്സെ ചടങ്ങിൽ പങ്കെടുത്തു. പാരാ അത്‌ലറ്റുകൾക്ക് കഴിവുകൾ പ്രകടിപ്പിക്കുന്നതിനും ദേശീയ തലത്തിൽ മത്സരിക്കുന്നതിനും ഖേലോ ഇന്ത്യ പാരാ ഗെയിംസ് പ്രധാന വേദി ഒരുക്കുന്നതായി ഖഡ്സെ പറഞ്ഞു. എട്ട് ദിവസത്തെ ചാമ്പ്യൻഷിപ്പിൽ ആറ് ഇനങ്ങളിലായി 1,300-ലധികം പാരാ അത്‌ലറ്റുകളാണ് മത്സരിച്ചത്.

34 സ്വർണവും 39 വെള്ളിയും 31 വെങ്കലവുമടക്കം 104 മെഡലുകളുമായി ഹരിയാനയാണ് ഒന്നാംസ്ഥാനത്ത്. 28 സ്വർണ്ണമടക്കം 74 മെഡലുകൾ നേടിയ തമിഴ്നാട് രണ്ടാമതും, 23 സ്വർണ്ണമടക്കം, 64 മെഡലുകൾ നേടിയ ഉത്തർപ്രദേശ് മൂന്നാം സ്ഥാനത്തും എത്തി. മൂന്ന് സ്വർണം നേടിയ കേരളം മെഡൽ പട്ടികയിൽ 11-ാം സ്ഥാനത്താണ്.

✪✪✪

ISL ഫുട്ബോൾ പ്ലേ ഓഫ് മത്സരങ്ങൾക്ക് നാളെ തുടക്കമാകും. ബംഗളുരുവിൽ, ആദ്യ പ്ലേ ഓഫിൽ ബെംഗളൂരു FC, മുംബൈ സിറ്റി FC യെ നേരിടും. മറ്റന്നാൾ നോർത്ത് ഈസ്റ്റ് യുണൈറ്റഡ്, ജംഷഡ്പൂർ FC യേയും നേരിടും. ഈ മത്സരങ്ങളിലെ വിജയികൾ, അടുത്തമാസം 2,3,6,7 തിയ്യതികളിൽ സെമി ഫൈനലിൽ ഗോവയെയും, ബഗാനെയും നേരിടും. 12 നാണ് ഫൈനൽ .

✪✪✪

ദേശീയ വനിതാ ഹോക്കി ലീഗ് ഫൈനലിൽ ഹോക്കി അസോസിയേഷൻ ഒഡിഷ, ഹോക്കി ഹരിയാനയെ നേരിടും. വൈകിട്ട് ആറിന് റാഞ്ചിയിലാണ് മത്സരം.

✪✪✪

IPL ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സ്, സൺറൈസേഴ്സ് ഹൈദരാബാദിനെ അഞ്ച് വിക്കറ്റിന് പരാജയപ്പെടുത്തി.

ഇന്ന് ചെന്നൈ സൂപ്പർ കിംഗ്സ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂരിനെ നേരിടും. വൈകീട്ട് 7.30 ന് ചെന്നൈയിലാണ് മത്സരം.

✪✪✪

ഏഷ്യൻ ഗുസ്തി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയുടെ റീതിക ഹൂഡ വനിതകളുടെ 76 കിലോ വിഭാഗത്തിൽ ഫൈനലിലെത്തി. ജോർദാനിലെ അമ്മാനിൽ,

കൊറിയയുടെ സിയോയോൺ ജിയോങ്ങിനെയും, ജപ്പാന്റെ നോഡോക് യമമോട്ടോയെയും പരാജയപ്പെടുത്തിയാണ് റീതിക ഫൈനലിലെത്തിയത്.

✪✪✪

മുണ്ടക്കൈ ചൂരൽമല ദുരന്തബാധിതരെ ഗവൺമെന്റ് കബളിപ്പിക്കുകയാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് മാധ്യമങ്ങളോട് പറഞ്ഞു.

വയനാട്ടിൽ ഏകപക്ഷീയമായ പ്രതീകാത്മക ചടങ്ങ് മാത്രമാണ് ഇന്നലെ ഉണ്ടായതെന്ന് അദ്ദേഹം കോഴിക്കോട്ട് വിലയിരുത്തി.

പണം ഉണ്ടായിട്ടും പുനരധിവാസം വൈകിയത് എന്തു കൊണ്ടെന്ന് മുഖ്യമന്ത്രി മറുപടി പറയണമെന്നും MT രമേശ് ആവശ്യപ്പെട്ടു. ദുരിത ബാധിതരുടെ പട്ടിക പൂർണ്ണമല്ലെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ആശാവർക്കർമാരുടെ സമരം 47-ാം ദിവസത്തിലേക്ക് കടന്നു.

സെക്രട്ടറിയേറ്റ് പടിക്കൽ ആശമാർ നടത്തുന്ന നിരാഹാര സമരം ഇന്ന് ഒൻപതാം ദിവസമാണ്.

✪✪✪

ആശാവർക്കർമാരുടെ അനിശ്ചിതകാല സമരത്തിന് ഐക്യദാർഢ്യം പ്രകടിപ്പിച്ച് കോഴിക്കോട് കിഡ്സൺ കോർണറിൽ വൈകിട്ട് യോഗം ചേരും. ജോയ് മാത്യു, ഡോ: ഖദീജ മുംതാസ്, K. അജിത, ഡോ. ആസാദ്, NP ചെക്കൂട്ടി, VP സുഹറ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

റംസാൻ 27-ാം രാവിന്റെ പുണ്യം തേടി ഇന്നലെ മലപ്പുറം സ്വലാത്ത് നഗറിൽ വിശ്വാസി ലക്ഷങ്ങൾ പ്രാർത്ഥനാ പരിപാടികളിൽ ഒത്തുചേർന്നു. രാത്രി ഇന്ത്യൻ ഗ്രാന്റ് മുഫ്തി കാന്തപുരം AP അബുബക്കർ മുസ്ലിയാർ സമാപന പരിപാടികൾ ഉദ്ഘാടനം ചെയ്തു. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ യോഗം വിശ്വാസികളെ ഉദ്ബോധിപ്പിച്ചു.

✪✪✪

തെക്കേ ഇന്ത്യയിലെ ഏക ദുര്യോധനക്ഷേത്രമായ കൊല്ലം പോരുവഴി പെരുവിരുത്തി മലനടയിലെ മലക്കുടമഹോത്സവം ഇന്ന് ആഘോഷിക്കും.

മലക്കുടയേന്തി കുന്നിറങ്ങുന്ന ഊരാളി, ജനങ്ങളെ അനുഗ്രഹിച്ച് കുന്നുകയറി ക്ഷേത്രത്തിലേക്ക് മടങ്ങുന്നതാണ് പ്രധാന ചടങ്ങ്. ആവേശക്കാഴ്ചയായ നെടുംകുതിരയെടുപ്പും ഇന്നാണ്.

✪✪✪

കണ്ണൂർ കൂട്ടുപുഴ ചെക്പോസ്റ്റിൽ ഇന്നലെ വൈകീട്ട് വാഹന പരിശോധനയ്ക്കിടെ നാടൻതോക്കിൽ ഉപയോഗിക്കുന്ന 150 തിരകൾ കണ്ടെടുത്തു. എക്സൈസിന്റെ പരിശോധനയിൽ സ്വകാര്യ ബസ്സിൽ നിന്നാണ് തിരകൾ കണ്ടെടുത്തിയത്. ഒരാളെ പോലീസ് കസ്റ്റഡിയിലെടുത്തു.

✪✪✪

*News Reader: അനിൽ ചന്ദ്രൻ*
*News Team: സബിത ആനന്ദ്, രജിന കെ*
*DEO: സുബോധ് സി കെ*